**രണ്ടുപതിറ്റാണ്ടിനു ശേഷം കേരളാ കോൺഗ്രസ്(എം) സംസ്ഥാന സമിതി ഓഫീസിലേക്ക്  പി.ജെ ജോസഫ് കെ എം മാണിക്കൊപ്പം കടന്നുവന്നപ്പോൾ**



# കെ.എം മാണിയും പി.ജെ ജോസഫും സംയുക്തസംസ്ഥാന സ മിതിയോഗ വേദിയിൽ



കോട്ടയം: കേരളാ കോൺഗ്രസ് ലയനത്തിൽ ഒരു ചുവടുകൂടി മുന്നോട്ട്. 27നുള്ള ലയന സമ്മേളനത്തിനു മുന്നോടിയായി ജോസഫ്- മാണിഗ്രൂപ്പ് ഗ്രൂപ്പുകളുടെ ബൃഹത്തായ സംസ്ഥാന സമിതി ചേർന്ന് കരടുഭരണഘടനയ്ക്കു രൂപം നൽകി. കൂടാതെ ഐക്യ നീക്കം അംഗീകരിക്കുകയും ചെയ്തു. ഇരു പാർട്ടികളും ഒന്നായ ശേഷമുള്ള പേര് കേരളാ കോൺഗ്രസ് എന്നായിരിക്കും. ബ്രാക്കറ്റിൽ നേതാവിന്റെ പേരില്ലാത്ത പാർട്ടി. പി.ജെ ജോസഫ് ചെയർമാനായ പാർട്ടി മാത്രമാണ് നിലവിൽ ഇലക്ഷൻ കമ്മീഷൻ അംഗീകരിച്ച ബ്രാക്കറ്റില്ലാത്ത ഏക കേരളാ കോൺഗ്രസ്. പുതിയ പാർട്ടിയുടെ ചിഹ്നം മാണി ഗ്രൂപ്പിന്റെ രണ്ടില തന്നെയായിരിക്കും. കേരളാ കോൺഗ്രസ് എന്ന പേരു ലഭിക്കുന്നതിനും ജോസഫ്ഗ്രൂപ്പിന്റെ നിലവിലുള്ള ചിഹ്നമായ സൈക്കിൾ മരവിപ്പിക്കുന്നതിനുമായി തെരഞ്ഞെടുപ്പു കമ്മീഷനെ സമീപിക്കാനും സംയുക്ത സംസ്ഥാന സമിതിയോഗം തീരുമാനിച്ചതായി പുതിയ പാർട്ടിയുടെ ചെയർമാനായ കെ.എം മാണി അറിയിച്ചു. എന്നാൽ തെരഞ്ഞെടുപ്പു കമ്മീഷന്റെ നടപടിക്രമങ്ങൾ പൂർത്തിയാകാൻ കാലതാമസം എടുക്കുമെന്നതിനാൽ ഐക്യ കേരളാ കോൺഗ്രസിനെ കേരളാ കോൺഗ്രസ്(എം) എന്ന പേരിലായിരിക്കും താൽക്കാലികമായി അറിയപ്പെടുക. മാണിഗ്രൂപ്പിന്റെ ചിഹനമായ രണ്ടില തന്നെയായിരിക്കും ആ കാ

ലയളവിൽ ചിഹ്നവും. ഇതുസംബന്ധിച്ച പ്രമേയവും യോഗം പാസാക്കി. 27ന് ഉച്ചകഴിഞ്ഞു മൂന്നിന് തിരുനക്കര മൈതാനത്താണ് ലയന സമ്മേളനം.

ഇരു പാർട്ടികളുടെയും നിലവിലുള്ള ഭരണഘടനാ സംയുക്ത യോഗം റദ്ദാക്കി . സംയുക്ത പാർട്ടിയുടെ താൽക്കാലിക ഭരണഘടന ഉടൻ നിലവിൽ വരും. നിയമസഭാ തെരഞ്ഞെടുപ്പ് കഴിയുന്നതോടെ പാർട്ടിയിൽ സംഘടനാ തെരഞ്ഞെടുപ്പ് നടത്തും. ഇതിനുള്ളിൽ അംഗത്വം കൂട്ടും. യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും നേതൃസ്ഥാനങ്ങളിലെ നിയമനം. ആസന്നമായ തെരഞ്ഞെടുപ്പുകൾ മുന്നിൽ കണ്ട് 111 അംഗ സ്റ്റിയറിംഗ് കമ്മിറ്റിക്ക് രൂപം കൊടുത്തിട്ടുണ്ട്. അധ്വാന വർഗത്തിന് വേണ്ടി നില കൊണ്ടിട്ടുള്ള പാർട്ടിയാണ് കേരളാ കോൺഗ്രസെന്ന് കെ. എം മാണി പറഞ്ഞു. രണ്ടു ചേരികളിലായി നിൽക്കുമ്പോഴും ഒരു ചേരിക്കും തങ്ങളെ തള്ളിപ്പറയാൻ കഴിയുമായിരുന്നില്ല. ഒന്നായിക്കഴിയുമ്പോൾ ഈ ശക്തി കൂടുകയേ ഉള്ളു. ലക്ഷ്യം കാണുന്നത് വരെ ഈ അശ്വമേധം തുടരും. യു.ഡി.എഫിന് ശക്തി പകരാനാണ് കേരള കോൺഗ്രസ് ഒന്നാകുന്നത്. യു.ഡി.എഫ് എന്നാൽ ഒരു കക്ഷി മാത്രമല്ല. വ്യത്യസ്ത രീതിയിൽ ചിന്തിക്കുന്ന പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മയാണ്. കേരളാ കോൺഗ്രസുകളുടെ പിളർപ്പുകൾ ഒരിക്കലും നയപരമായിരുന്നില്ലെന്നും അത് വികാരപരമായിരുന്നുവെന്നും കെ എം മാണി പറഞ്ഞു. ഇനി അങ്ങോട്ട് അങ്ങനെയല്ല. ഇനി വികാരമല്ല , വിചാരമാണ് പാർട്ടിയെ നയിക്കേണ്ടത്. മതേതര പാർട്ടിയാണിത്. ജാതി-മത ചിന്തകളല്ല, മറിച്ച അധ്വാന വർഗത്തിന് വേണ്ടിയാണ് പാർട്ടി നിലകൊള്ളുന്നത്. കർഷകർ എന്നും പ്രതീക്ഷയർപ്പിച്ചിട്ടുള്ള പാർട്ടിയാണ് . പറയുന്ന കാര്യം ചെയ്യുന്ന പാർട്ടിയാണിത്. ഒന്നാകാനുള്ള തീരുമാനമെടുത്തപ്പോൾ പരീക്ഷണങ്ങൾ നേരിടേണ്ടി വന്നു. എന്നാലും വച്ച കാൽ പിന്നോട്ടില്ലെന്നും മാണി പറഞ്ഞു.

കേരളത്തിൽ കർഷക താൽപര്യം സംരക്ഷിക്കുന്നതിന് വേണ്ടി ശക്തമായി പോരാടിയിട്ടുള്ള പാർട്ടിയാണ് കേരളാ കോൺഗ്രസെന്ന് പ്രമേയത്തെ പിന്താങ്ങിയ പി ജെ ജോസഫ് അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസ രംഗത്ത് കേരളം പുരോഗതിയുണ്ടാക്കിയതും കേരളാ കോൺഗ്രസ് വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്ത കാലയളവിലാണ് ഇരു പാർട്ടികളുടെയും സംസ്ഥാന കമ്മിറ്റികൾ പ്രത്യേകം യോഗം ചേർന്നതിന് ശേഷമാണ് സംയുക്ത യോഗം നടന്നത്.

വൈസ് ചെയർമാൻ പി സി ജോർജ് അധ്യക്ഷനായിരുന്നു. ജോസ് കെ മാണി എം.പിയും ഇരു വിഭാഗങ്ങളിലെയും എം.എൽ.എമാരും 600 ഓളം പ്രതിനിധികളും സംയുക്ത യോഗത്തിൽ പങ്കെടുത്തു.